LIBRARY ARCHIVES Kerala Legislative Assembly

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി

101(847) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ വിപണനത്തിനുമായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനും കാർഷി കോത്പാദന വിപണനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മില്ലറ്റ് വില്ലേജ് പദ്ധതി:

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്ന തിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയ മില്ലറ്റ് വില്ലേജ് എന്ന പദ്ധതി അഗളി, ഷോളയൂർ, പുതൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായാണ് നടപ്പിലാക്കിയത്. 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ചെറുധാന്യങ്ങൾ, വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധനവ് വരുത്തി ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കി ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തു ന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവ കൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ "നമത് വെള്ളാമെ" എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി 2021-22-ലും നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൃഷിയെ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപമെന്റ് എന്ന സ്ഥാപനം മുഖേന ആദ്യ ഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനും ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി കൃഷി പ്രോത്സാഹനത്തിന് നടപടികൾ ആരംഭിച്ചു നടപ്പിലാക്കിവരുന്നു.

വണ്ടൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

102(848) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

103(849) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് മാസത്തിനിടെ എസ്.സി. വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി എത്ര രൂപ അനുവദിച്ചു; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.